ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികാസം ഇന്ത്യയെ ആഗോള കായിക ശക്തികേന്ദ്രമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Development of sports infrastructure will make India a global sports powerhouse, says Prime Minister Narendra Modi.**

2. ഭീകരതയെ ചെറുക്കുന്നതിൽ ചൈനയുടെ ഇരട്ടത്താപ്പ് അനുവദിക്കാനാവില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **China's double standards in combating terrorism cannot be tolerated, says External Affairs Minister S. Jaishankar.**

3. കേരളത്തിൽ കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ ചരക്കുകപ്പലിലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു.

   **Efforts continue to douse the fire on the Singaporean cargo ship that capsized off the coast of Kozhikode in Kerala.**

4. ആഗോളതലത്തിൽ ഏറ്റവും മികച്ച വ്യവസായ നിക്ഷേപസൗഹൃദ രാജ്യമായി ഇന്ത്യ അഗീകരിക്കപ്പെട്ടതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal says India has been recognized as the best business investment-friendly country globally.**

5. ഭീകരരതയ്ക്കെതിരായ ഇന്ത്യൻ സർവകക്ഷി സംഘത്തിന്റെ വിദേശ സന്ദർശനം വിജയകരമായിരുന്നുവെന്ന് ശശി തരൂർ എം പി

   **Foreign visit of the Indian All-Party delegation against terrorism was successful, says MP Shashi Tharoor**

6. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യ വിക്ഷേപണം നാളെ.

   **Axiom-4 space mission, including Indian Shubhanshu Shukla, to be launched tomorrow.**

&&&&&&&&&&&&&&&&&

**PM–SPORTS**

യുവതയെ കേന്ദ്രീകരിച്ചുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികാസം ഇന്ത്യയെ ആഗോള കായിക ശക്തികേന്ദ്രമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്തിന്റെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ അഭൂതപൂർവമായ വളർച്ച കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ ലേഖനം പങ്കുവെച്ചുകൊണ്ട്, പ്രധാനമന്ത്രി വിശദമാക്കി. വികസിത

ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ രാജ്യത്തിന്റെ വളർച്ചയെ രൂപപ്പെടുത്തുന്ന പ്രധാന ശക്തിയായി കായികമേഖല ഉയരുമെന്ന് ശ്രീ മാണ്ഡവ്യ ലേഖനത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**JAISHANKAR – LE FIGARO INTERVIEW**

പാകിസ്ഥാനുമായുള്ള അടുത്ത ബന്ധത്തിന്റെ പേരിൽ ഭീകരതയെ ചെറുക്കുന്നതിൽ ചൈനയുടെ അവ്യക്തതയും ഇരട്ടത്താപ്പും അനുവദിക്കാനാവില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. തീവ്രവാദം എല്ലാവരെയും ആശങ്കപ്പെടുത്തുന്ന പ്രശ്നമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫ്രാൻസ് സന്ദർശനത്തിനിടെ ഒരു പത്രത്തിന് നൽകിയ അഭിമുഖത്തിലാണ് ശ്രീ ജയശങ്കർ നിലപാട് വ്യക്തമാക്കിയത്. ഇന്ത്യ- ചൈന ബന്ധം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്താൻ കഴിയുമെന്നും വിദേശകാര്യ മന്ത്രി അഭിപ്രായപ്പെട്ടു.

ഇന്ത്യയുടെ പോരാട്ടം ഭീകരതയ്ക്കെതിരെയാണെന്നും ഒരു പ്രത്യേക രാജ്യവുമായല്ലെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

ഫ്രാൻസുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനത്തിലൂടെ സാധിച്ചതായും പ്രതിരോധം, ആണവോർജം, നിർമ്മിത ബുദ്ധി, ബഹിരാകാശം, പരിസ്ഥിതി എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിൽ പങ്കാളിത്തം

ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതായും ജയശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## NITYANAND–NSG

ഒരു തരത്തിലുള്ള ഭീകരപ്രവർത്തനങ്ങളും ഇന്ത്യ അനുവദിക്കില്ലെന്നും ഭീകരതക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നത് തുടരുമെന്നും ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ്. ന്യൂഡൽഹിയിൽ 23-ാമത് നാഷണൽ സെക്യൂരിറ്റി ഗാർഡ് അന്താരാഷ്ട്ര സെമിനാർ ശ്രീ റായ് ഉദ്ഘാടനം ചെയ്തു. ആഗോള സമാധാനത്തിനും പുരോഗതിക്കും ഏറ്റവും വലിയ ഭീഷണി ഭീകരതയാണെന്ന് മന്ത്രി പറഞ്ഞു. സായുധ സേനയെ നവീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## SHIP ACCIDENT

കേരളത്തിൽ, കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ ചരക്കുകപ്പൽ വാൻഹായി-503 ലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. നിലവിൽ തീ നിയന്ത്രണ വിധേയമല്ല. കനത്ത പുക കപ്പലിന് ചുറ്റും രൂപപ്പെട്ടിട്ടുണ്ട്. കോസ്റ്റ് ഗാർഡിൻറെ രണ്ട് കപ്പലുകൾ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. നാവികസേനാ കപ്പലുകളും ഡോണിയർ വിമാനങ്ങളും ദൗത്യത്തിൽ

പങ്കെടുക്കുന്നുണ്ട്. കപ്പലിലെ 18 ജീവനക്കാരെ ഇന്നലെ രക്ഷിച്ച് മംഗലാപുരം തീരത്തെത്തിച്ചിരുന്നു. കാണാതായ നാല് ജീവനക്കാർക്കായി തിരച്ചിൽ തുടരുകയാണ്. കപ്പലിലെ ചില കണ്ടെയ്നറുകളിൽ വേഗത്തിൽ തീപിടിക്കുന്ന ദ്രാവകങ്ങളും അപകടകരമായ വസ്തുക്കളുമാണുള്ളത്. കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോകുകയായിരുന്ന കപ്പലിനാണ് ഇന്നലെ രാവിലെ തീപിടിച്ചത്.

&&&&&&&&&&&&&&&&&

**MP Shashi Tharoor-INTRO**

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് സർവകക്ഷി സംഘത്തിന്റെ വിദേശ സന്ദർശനം വിജയകരമായിരുന്നുവെന്ന് പ്രതിനിധി സംഘത്തെ നയിച്ച ശശി തരൂർ എം പി. സന്ദർശനം നടത്തിയ അഞ്ച് രാജ്യങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ഭീകരതയെ ചെറുക്കുന്നതിനുള്ള ഇന്ത്യയുടെ ദൃഢനിശ്ചയ സമീപനം ലോക രാജ്യങ്ങൾക്കു മുൻപിൽ ഉയർത്തികാട്ടാൻ സന്ദർശനത്തിലൂടെ സാധിച്ചതായി അദ്ദേഹം പറഞ്ഞു .

ഹോൾഡ് വോയിസ് .................................. യുഎസ്എ, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷം പ്രതിനിധി സംഘം ന്യൂ

ഡൽഹിയിൽ തിരിച്ചെത്തി. ഭീകരതയെക്കുറിച്ചുള്ള ഇന്ത്യയുടെ നിലപാട് നിരവധി യോഗങ്ങളിൽ പ്രതിനിധി സംഘം അവതരിപ്പിച്ചതായി ബിജെപി എംപി രവിശങ്കർ പ്രസാദ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. യുകെ, ഫ്രാൻസ്, ജർമ്മനി, യൂറോപ്യൻ യൂണിയൻ, ഇറ്റലി, ഡെൻമാർക്ക് എന്നിവിടങ്ങളിലാണ് രവിശങ്കർ പ്രസാദിൻറെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചത്.

&&&&&&&&&&&&&&&&&

**GOYAL**

ആഗോളതലത്തിൽ ഏറ്റവും മികച്ച വ്യവസായ നിക്ഷേപസൗഹൃദ രാജ്യമായി ഇന്ത്യ അംഗീകരിക്കപ്പെട്ടതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. സ്വിറ്റ്സർലൻറ് സന്ദർശനത്തിനിടെ ബേണിൽ സ്വിസ് വ്യവസായ പ്രമുഖരുമായി ശ്രീ ഗോയൽ കൂടിക്കാഴ്ച നടത്തി. നൂതനാശയങ്ങൾ, സാങ്കേതിക കൈമാറ്റം, സുസ്ഥിര ഉൽപ്പാദനം എന്നിവയിൽ വ്യാവസായിക മേഖല പ്രത്യേക ഊന്നൽ നൽകുകയാണെന്ന് വ്യക്തമാക്കിയ ഗോയൽ ഇന്ത്യയിൽ കൂടുതൽ നിക്ഷേപം നടത്താൻ സ്വിസ് സംരംഭകരെ ക്ഷണിച്ചു. ഇന്ത്യ ഐസ്‌ലാൻഡ്, ലിച്ചെൻസ്റ്റൈൻ, നോർവേ, സ്വിറ്റ്സർലൻഡ് എന്നിവ ഉൾപ്പെടുന്ന സ്വതന്ത്ര വ്യാപാര കരാർ ഉടൻ പ്രാബല്യത്തിൽ വരുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**AXIOM – 4**

ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യ വിക്ഷേപണം നാളെ നടക്കും. വൈകുന്നേരം 5.30-നായിരിക്കും വിക്ഷേപണമെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ അറിയിച്ചു.

ഇന്ന് നടക്കാനിരുന്ന വിക്ഷേപണം മോശം കാലാവസ്ഥ മൂലമാണ് നാളത്തേക്ക് മാറ്റിയത്. ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. അമേരിക്കയിലെ കെന്നഡി സ്പേയ്സ് സെന്ററിൽ നിന്നും, സ്പേയ്സ് എക്സിന്റെ ഡ്രാഗൺ പേടകമാണ് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്നത്.

&&&&&&&&&&&&&&&&&&

**JAN MAN SURVEY**

കേന്ദ്ര സർക്കാർ 11 വർഷം പൂർത്തിയാക്കുന്ന വേളയിൽ, നമോ ആപ്പിൽ ആരംഭിച്ച ജൻ മൻ സർവേ ശ്രദ്ധേയമാകുന്നു. രാജ്യത്തുടനീളമുള്ള പൗരന്മാരിൽ നിന്ന് ഒറ്റ ദിവസം കൊണ്ട് അഞ്ച് ലക്ഷത്തിലധികം പ്രതികരണങ്ങളാണ് ലഭിച്ചത്. ഇന്ത്യയുടെ കഴിഞ്ഞ 11

വർഷത്തെ വളർച്ചാ യാത്രയെകുറിച്ച് നമോ ആപ്പിലെ സർവേയിൽ പങ്കെടുക്കാൻ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് അഭ്യർത്ഥിച്ചിരുന്നു. ജനങ്ങൾക്ക് അവരുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും നേരിട്ട് സർക്കാരുമായി പങ്കിടാനുള്ള വേദിയാണ് ജൻ മൻ സർവേ.

&&&&&&&&&&&&&&&&&

**EDUCATION MINISTER :HYDERABADV–INTRO**

ദുർബല വിഭാഗങ്ങളുടെ ശാക്തീകരണത്തിനുതകുന്ന സമഗ്ര ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് ശാസ്ത്രജ്ഞർ, നൂതന ആശയ സ്രഷ്ടാക്കൾ, നയരൂപീകരണ വിദഗ്ധർ എന്നിവർ ഒത്തുചേരേണ്ട സമയമാണിതെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഹൈദരാബാദിൽ അന്താരാഷ്ട്ര യുവ ശാസ്ത്രജ്ഞരുടെ സമ്മേളനത്തെയും ഗ്ലോബൽ യംഗ് അക്കാദമിയുടെ വാർഷിക പൊതുയോഗത്തെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മനുഷ്യ കേന്ദ്രീകൃത വികസനം, വികസിത് ഭാരത് എന്നീ ആശയങ്ങളുമായി ശാസ്ത്രത്തെ സമന്വയിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&

**JK – TERRORIST**

ജമ്മു കശ്മീരിലെ രജൗരി ജില്ലയിൽ സുരക്ഷാ സേനയുടെ നേതൃത്വത്തിൽ ഭീകരവാദികളുടെ ഒളിത്താവളം തകർത്തു. പോലീസും സൈന്യവും സംയുക്തമായി നടത്തിയ തിരച്ചിലിലാണ് ഭീകരരുടെ കേന്ദ്രം കണ്ടെത്തിയത്. പ്രദേശത്തു നിന്ന് നിരവധി ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു .

&&&&&&&&&&&&&&&&&

## LAKSHADEEP VISIT

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന്റെ ലക്ഷദ്വീപ് സന്ദർശനം പുരോഗമിക്കുന്നു. കവരത്തിയിൽ വികസിത് കൃഷി സങ്കൽപ്പ് അഭിയാന്റെ പൊതു പരിപാടികൾ ശ്രീ ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ലക്ഷദ്വീപ് കൃഷി വിഗ്യാൻ കേന്ദ്രയുടെ കീഴിൽ ദ്വീപുകളിൽ പുരോഗമിക്കുന്ന കാർഷിക പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. ദ്വീപ് നിവാസികൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ നൽകുന്ന പദ്ധതികളാണ് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## A K SASINDRAN

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കേന്ദ്രം ചട്ടങ്ങളിൽ ഇളവ് വരുത്തുകയാണ്

വേണ്ടതെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. അക്രമകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്ന കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവിൻ്റെ പ്രസ്താവനയ്ക്കെതിരെ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 1972 ലെ കേന്ദ്ര നിയമത്തിലെ ചട്ടങ്ങൾ പ്രകാരമേ സംസ്ഥാനത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നും ഇതിൽ കേന്ദ്രമാണ് ഭേദഗതി വരുത്തേണ്ടതെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&

**RAIN -KERALA**

കേരളത്തിൽ കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 7 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മറ്റന്നാൾ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

**KENIYA–ACCIDENT**

ഖത്തറിൽ നിന്ന് കെനിയയിലേക്ക് വിനോദയാത്ര പോയ സംഘം സഞ്ചരിച്ച ബസ് അപകടത്തിൽപെട്ട് അഞ്ച് മലയാളികൾ ഉൾപ്പെടെ ആറ് പേർ മരിച്ചു. ബസ് നിയന്ത്രണം തെറ്റി താഴ്ചയിലേക്ക് മറിഞ്ഞുള്ള അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## VIKASIT KRISHI SANKALP

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്കിൽ ഇന്ന് പര്യടനം നടത്തി. തിക്കോടി, പയ്യോളി എന്നിവിടങ്ങളിൽ ബോധവത്കരണ പരിപാടികളും നടന്നു. കാമ്പയിനിലൂടെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം ഈ മാസം 12 വരെ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കർഷകരെ നേരിൽ കണ്ട് സംവദിക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&&
&&&&&&&
&&&&
&&&
&&
&